**C 21749** (Pages : 2) Name.....................................

Reg. No.....................................

# SECOND SEMESTER (CUCBCSS–UG) DEGREE EXAMINATION, APRIL 2022

Malayalam (B.A./B.Sc.)

MAL 2A 02—MALAYALA SAHITHYAM – II

(2017–2018 Admissions)

Time : Three Hours Maximum : 80 Marks

I. ഒറ്റവാക്കിൽ ഉത്തരമെഴുതുക.

1 കുമാരനാശാൻ എഴുതിയ വിലാപകാവ്യം ഏത് ?

2 കൂട്ടുകൃഷി എന്ന നാടകം രചിച്ചതാര് ?

3 പൊൽത്തിടമ്പേറ്റി നിൽക്കുന്ന ആനയുടെ മസ്തകത്തിൽ മന്ത്രിക്കുന്നതാര് ?

4 ഘടികാര സൂചിയുടെ പിടിയിൽ നിൽക്കാത്തതായി കവി വിശേഷിപ്പിക്കുന്നത് എന്തിനെയാണ് ?

5 'നാട്ടിൻപുറത്തെ നന്മകൾ' എന്ന് കവി വിശേഷിപ്പിക്കുന്നതാരെ ?

6 'ഇവനെക്കൂടി' എന്ന കവിത ഏത് കവിയുടെ അന്ത്യപ്രണാമം ആയാണ് സമർപ്പിച്ചിരിക്കുന്നത് ?

7 'കല ജീവിതം തന്നെ' എന്ന കൃതി രചിച്ചതാര് ?

8 അധികാരത്തിന്റെ ഒരു രൂപവും എന്തിന് നന്നല്ല എന്നാണ് ലേഖകൻ അഭിപ്രായപ്പെടുന്നത് ?

9 'നക്ഷത്രങ്ങളുടെ സ്നേഹഭാജനം' എന്ന കൃതി എഴുതിയതാര് ?

10 അധഃപതനമാണ് ഹാസ്യത്തിന് നിദാനം എന്ന് അഭിപ്രായപ്പെട്ടതാര് ?

(10 × ½ = 5 marks)

II. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക.

11 "നിഴലിൻ വഴി പൈതൽ പോല പോ-
യുഴലാ ഭോഗമിരന്നു ഞാനിനി"
–സൂചിതമെന്ത് ?

12 'ഒട്ടുമിക്കപ്പോഴും കാനനാന്തരങ്ങളിൽ വഴി തെറ്റി, സ്നേഹകുടീരങ്ങളിലെത്താൻ കഴിയാതെ അലയാനാണല്ലോ നമ്മിലധികം പേരുടേയും വിധി'—ലേഖകൻ ഇവിടെ സൂചിപ്പിക്കുന്നതെന്ത് ?

13 കലയുടെ സ്വാതന്ത്ര്യം എപ്രകാരമാകണമെന്നാണ് മാരാർ അഭിപ്രായപ്പെടുന്നത് ?

14 മഹാശ്വേതാദേവി തന്റെ സാമൂഹിക പ്രതിബദ്ധത വെളിവാക്കുന്നതെങ്ങനെ ?

15 കാരൂരിന്റെ ആഖ്യാനകല വർജ്ജനത്തിന്റെ കലയാണ് എന്ന് രാജകൃഷ്ണൻ പറയാൻ കാരണമെന്ത് ?

(5 × 2 = 10 marks)

Turn over

272287



III. ഏതെങ്കിലും **അഞ്ച്** ചോദ്യത്തിന് 150 വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

16 മഹാഭാരതത്തിലെ പ്രതിനായകനായ ദുര്യോധനന്റെ മഹത്വങ്ങൾ മാരാർ അവതരിപ്പിക്കുന്നതെങ്ങനെ ?

17 "എത്രവേഗം വീണ്ടുമോമനേ, നിന്നിലെ

കൊച്ചു കുസൃതിക്കുടുക്കയൊരമ്മയായ്"

—കവിതയേത്? സന്ദർഭമെന്ത് ?

18 ആവിഷ്കാര സ്വാതന്ത്ര്യത്തെക്കുറിച്ച് എം. തോമസ് മാത്യുവിന്റെ നിരീക്ഷണം വ്യക്തമാക്കുക.

19 ജീവിതത്തിനും മരണത്തിനുമിടയിൽ നിന്നു കൊണ്ട് ജീവിതത്തെ സ്നേഹിക്കുന്ന കവിയെ—'പകലുകൾ രാത്രികൾ' എന്ന കവിതയിൽ കാണാം—വിശദമാക്കുക.

20 "ചേലിലിപ്പൊൽത്താർ പറിക്കുവാനേ

ചേച്ചിയിറങ്ങിയിപ്പൂങ്കുളത്തിൽ"

—സന്ദർഭവും ആശയവും വ്യക്തമാക്കുക.

21 ജനങ്ങൾ തന്നെ എത്രമാത്രം സ്നേഹിക്കുന്നു എന്ന് ചങ്ങമ്പുഴയ്ക്ക് തിരിച്ചറിവുണ്ടാക്കിയ സംഭവം എന്തായിരുന്നു ?

22 "നരജീവിതമായ വേദന

യ്ക്കൊരുമട്ടർഭകരൗഷധങ്ങൾ താൻ"

—ആശയം വ്യക്തമാക്കുക.

(5 × 5 = 25 marks)

IV. ഏതെങ്കിലും **നാലു** ചോദ്യത്തിന് 300 വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

23 ഒ.എൻ.വി.യുടെ 'ചോറൂണ്' എന്ന കവിതയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

24 'ജനാധിപത്യാവകാശങ്ങളുടേയും പൗരസ്വാതന്ത്ര്യത്തിന്റെയും വിശാലലോകമാണ് സൃഷ്ടിയുടേത് ', 'സ്രഷ്ടാവിന്റെ സ്വാതന്ത്ര്യവും സൃഷ്ടിയുടെ സദാചാരവും' ചർച്ച ചെയ്യുന്നത് വിശദീകരിക്കുക.

25 സ്ത്രീസഹജമായ വൈകാരികതയുടെ ബഹിഃസ്ഫുരണം മാത്രമല്ല ജീവിതത്തിലെ നേർചിത്രങ്ങളുടെ അടയാളപ്പെടുത്തൽ കൂടിയാണ് 'ചിന്താവിഷ്ടയായ സീത'—വിശദമാക്കുക

26 ഇതിഹാസ കഥാപാത്രങ്ങൾ യഥാർത്ഥ മനുഷ്യരുടെ വലിപ്പം കൂടിയ ക്ലോസപ്പുകളാണ്. മാരാരുടെ ലേഖനത്തെ ആസ്പദമാക്കി ഈ പ്രസ്താവനയോട് പ്രതികരിക്കുക.

27 കൃത്യമായി വികസിക്കുന്ന പ്രാകൃത ചോദനകളുടെ ആവിഷ്കാരമാണ് 'സഹ്യന്റെ മകൻ' എന്ന കവിതയിൽ കാണുന്നത്—ഉപന്യസിക്കുക.

28 സമകാലിക സാമൂഹിക സാഹചര്യത്തിൽ കാരൂരിന്റെ 'മരപ്പാവകൾ' എങ്ങനെ പ്രസക്തമാകുന്നുവെന്ന് വി. രാജകൃഷ്ണന്റെ ലേഖനത്തെ മുൻനിർത്തി ഉപന്യസിക്കുക.

(4 × 10 = 40 marks)

272287